# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 137, 30/11/2015-ലെ മറുപടിക്ക്

**താന്നൂരിൽ സബ്ട്രഷറി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി** | **ശ്രീ. ഉമ്മൻചാണ്ടി**<br>**ബഹു. മുഖ്യമന്ത്രി** |

| | | | |
|---|---|---|---|
| (എ) | പുതിയ സബ്ട്രഷറി ആരംഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളത്; | : | സർക്കാരിന്റെ സാമ്പത്തിക ഇടപാടുകാർ, പെൻഷൻകാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ഇടപാടുകൾ, സർക്കാരിലേയ്ക്കുള്ള വിവിധതരം പണം ഒടുക്കലുകൾ, മുദ്രപ്പത്ര വിൽപ്പന എന്നിവയുടെ വ്യാപ്തിയാണ് പുതുതായി സബ് ട്രഷറി അനുവദിക്കുന്നതിന് നിലവിൽ സർക്കാർ സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ. |
| (ബി) | ഗവൺമെന്റ് കോളേജ്, ഹാർബർ എഞ്ചിനീയറിംഗ് ഓഫീസ്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, മുനിസിപ്പൽ ഓഫീസ്, ഫിഷിംഗ് ഹാർബർ, നിരവധി സ്കൂളുകൾ, വില്ലേജ്- പഞ്ചായത്ത് ഓഫീസുകൾ അടക്കം നിരവധി സ്ഥാപനങ്ങൾ നിലനിൽക്കുന്ന താന്നൂരിൽ ഒരു സബ്ട്രഷറി ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത ആവശ്യം പരിഗണനയിലുണ്ടോ ; | : | ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ പ്രസ്തുത ആവശ്യം പരിഗണനയിലില്ല. |
| (സി) | താന്നൂരിൽ ഒരു സബ്ട്രഷറി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ? | : | പ്രസ്തുത ആവശ്യം സംബന്ധിച്ച് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ